# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2218 — 10.10.2011 ൽ മറുപടിക്ക്

## എണ്ണ-വാതക-രാസവസ്തുക്കൾ വഹിച്ചുകൊണ്ടുള്ള ഗതാഗതം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി. ജോർജ്<br>ശ്രീ റോഷി അഗസ്റ്റിൻ | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ നിരത്തുകളിലൂടെ എണ്ണ-വാതക-രാസവസ്തുക്കൾ വഹിച്ചുകൊണ്ടുള്ള ഗതാഗതം സുരക്ഷിതമാക്കുന്നതിന് എന്തെങ്കിലും കർമ്മപദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുവോ; | (എ) എണ്ണ-വാതക-രാസവസ്തുക്കൾ വഹിച്ചു കൊണ്ടുള്ള ഗതാഗതം സുരക്ഷിതമാക്കുന്നതിന്റെ ഭാഗമായി ഇത്തരം വാഹനങ്ങളുടെ ഗതാഗതം രാത്രി 8 മണിക്കു ശേഷവും രാവിലെ 8 മണിക്ക് മുൻപുമായി നിജപ്പെടുത്തിയിട്ടുണ്ട്. ഇത്തരം വാഹനങ്ങൾക്കെല്ലാം ആന്റിലോക്ക് ബ്രേക്ക് സിസ്റ്റവും സ്പീഡ് ഗവർണറും നിർബന്ധമാക്കിയിട്ടുണ്ട്. |
| (ബി) രാസവസ്തു ഗതാഗതം കൂടിയ അളവിലുള്ള ജില്ലകൾ ഏതെല്ലാമാണ്; | (ബി) എറണാകുളം, തൃശ്ശൂർ, പാലക്കാട് ഉടങ്ങിയ ജില്ലകളിൽ ഇത്തരം വാഹനങ്ങളുടെ ഗതാഗതം താരതമ്യേന കൂടുതലാണ്. |
| (സി) എറണാകുളം ജില്ലയിൽ മാത്രം, എണ്ണ-വാതക ഉല്പന്നങ്ങൾ വഹിച്ചുകൊണ്ടുള്ള വാഹനങ്ങൾ പ്രതിദിനം ശരാശരി എത്ര സർവ്വീസുകൾ നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) 1000 ത്തിനും 1200 നും ഇടയിൽ സർവ്വീസ് നടത്തുന്നുണ്ട്. |
| (ഡി) ബസ്സുകൾക്കു പോലും സുഖയാത്ര അപ്രാപ്യമായ നമ്മുടെ നിരത്തുകളിലൂടെ ഇത്തരം രാസവസ്തുക്കൾ വഹിച്ചുകൊണ്ട് അപകടകരമായ നിലയിൽ സഞ്ചരിക്കുന്ന ബുള്ളറ്റ് ടാങ്കുകൾക്കും, ടാങ്കറുകൾക്കും ബദലായി ജലഗതാഗതം പ്രാവർത്തികമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ഡി) ഇത്തരം രാസവസ്തുക്കൾ ജലമാർഗ്ഗം കൊണ്ട് പോകുന്ന സമയത്ത് അപകടം സംഭവിക്കുകയാണെങ്കിൽ ജലത്തിലെ ആവാസ വ്യവസ്ഥയെ അത് സാരമായി ബാധിക്കും. മാത്രമല്ല, ഇന്ധനച്ചോർച്ചയുണ്ടായി കടലിലോ, നദിയിലോ വ്യാപിക്കുകയാണെങ്കിൽ അത് തടയുന്നതിന് വേണ്ട മാർഗ്ഗങ്ങളും കേരളത്തിൽ ലഭ്യമല്ല. ഇക്കാരണങ്ങളാൽ നിലവിൽ ഈ രീതി പരിഗണിക്കുവാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ